എന്റെ ഗ്രാമം എന്റെ സ്വപ്നം പദ്ധതി

6 (*635) ശ്രീ. എം. കുമാരൻ :

ശ്രീ. ബിനോയ് വിശ്വം : സർ, താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഇൻഫർമേഷനും പാർലമെന്ററി കാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പ്രവാസികാര്യ വകുപ്പിന്റെ കീഴിൽ എന്റെ ഗ്രാമം എന്റെ സ്വപ്നം എന്ന പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ ;

(ബി) എങ്കിൽ ഈ പദ്ധതിയുടെ ഉദ്ദേശലക്ഷ്യങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ ;

(സി) ഈ പദ്ധതി നടപ്പാക്കുന്നതിനാവശ്യമായ ഫണ്ട് എങ്ങനെ സ്വരൂപിക്കാനാണുദ്ദേശിക്കുന്നതെന്ന് വെളിപ്പെടുത്തുമോ ?

ഇൻഫർമേഷനും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എം. എം. ഹസ്സൻ) : സർ,

(എ) ഉണ്ട്.

(ബി) പ്രവാസി മലയാളികളുടെ സഹായത്തോടെ സംസ്ഥാനത്തിന്റെ അടിസ്ഥാന സൗകര്യ വികസനം ലക്ഷ്യമാക്കിയുള്ള ഒരു പദ്ധതിയാണ് 'എന്റെ ഗ്രാമം എന്റെ സ്വപ്നം' കേരളത്തിലെ ഗ്രാമങ്ങളിൽ പ്രവാസി കേരളീയരുടെ ഒറ്റയ്ക്കോ കൂട്ടമായോ ഉള്ള പരിശ്രമത്തിലൂടെ അടിസ്ഥാന സൗകര്യ വികസനം ഉറപ്പാക്കുകയാണ് ഈ പദ്ധതികൊണ്ട് ഉദ്ദേശിക്കുന്നത്.

(സി) പ്രവാസി മലയാളികളിൽ നിന്നും സമാഹരിക്കുന്ന സാമ്പത്തിക സഹായം വിനിയോഗിച്ച് നടപ്പിലാക്കുവാനുദ്ദേശിക്കുന്ന ഒരു പദ്ധതിയാണിത്.

(ചോദ്യോത്തരസമയം കഴിഞ്ഞു.)

2. രേഖാമൂലം നൽകിയ ഉത്തരങ്ങൾ

(i) നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ

കോളേജ് അദ്ധ്യാപക നിയമനത്തിന് പ്രായപരിധി ഉയർത്താൻ നടപടി

7 (* 636) ശ്രീ. ടി. കെ. ബാലൻ :

ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ :

ശ്രീ. മത്തായിചാക്കോ :

ശ്രീ. ടി. കെ. ദേവകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഗവൺമെന്റ് കോളേജുകളിൽ അദ്ധ്യാപകരുടെ പുനർവിന്യാസം പൂർത്തിയായിട്ടും ഒഴിവുകൾ നികത്താത്ത വിഷയങ്ങളിൽ അദ്ധ്യാപകരെ നിയമിക്കുന്നതിന് തയ്യാറാക്കുമോ ;

(ബി) നിയമന നിരോധനം നിലനിൽക്കുന്ന സാഹചര്യത്തിൽ കോളേജുകളിൽ അദ്ധ്യാപകർ ഇല്ലാത്തതുമൂലം അദ്ധ്യയനം മുടങ്ങുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly

(സി) കോളേജുകളിൽ അദ്ധ്യാപക നിയമനത്തിന് നിരോധനം നിലനിൽക്കുകയും പ്രായപരിധി വർദ്ധിപ്പിക്കാതിരിക്കുകയും ചെയ്ത സാഹചര്യത്തിൽ അദ്ധ്യാപക നിയമനത്തിന് നിശ്ചിത യോഗ്യത നേടിയ നിരവധി പേർക്ക് അവസരം നഷ്ടപ്പെടുന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) ഉണ്ടെങ്കിൽ ഇത്തരം ആളുകളുടെ പ്രശ്നം പരിഹരിക്കുന്നതിനായി അദ്ധ്യാപക നിയമനത്തിനുള്ള പ്രായപരിധി ഉയർത്തുവാൻ നടപടി സ്വീകരിക്കുമോ ;

(ഇ) അദ്ധ്യാപക നിയമനത്തിന് പി.എസ്.സി. റാങ്ക്‌ലിസ്റ്റ് നിലവിലുണ്ടോ ;

(എഫ്) ഇല്ലെങ്കിൽ റാങ്ക്‌ലിസ്റ്റ് തയ്യാറാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാൻ പി.എസ്.സി. യോട് ആവശ്യപ്പെടുമോ ?

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. നാലകത്തുസൂപ്പി) :

(എ) ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യാൻ നടപടി സ്വീകരിച്ചുവരുന്നു.

(ബി) ഇല്ല. ബോട്ടണി, സുവോളജി, കെമിസ്ട്രി, മലയാളം, അറബിക്, മാത്തമറ്റിക്സ്, കമ്പ്യൂട്ടർ സയൻസ് എന്നീ വിഷയങ്ങളിലും ഡ്രമ്മർ, ചെണ്ട, ഭരതനാട്യം, ഭാഗവതർ എന്നീ ഇൻസ്ട്രക്ടർ പോസ്റ്റുകളിലും മൃദംഗം ലക്ചറർ പോസ്റ്റിലും പി.എസ്.സി. യിൽ നിന്നും ലഭിച്ച അഡ്വൈസ് അനുസരിച്ച് റഗുലർ അദ്ധ്യാപകരെ നിയമിച്ചിട്ടുണ്ട്. റഗുലർ അദ്ധ്യാപകർ ഇല്ലാത്തപക്ഷം ഗസറ്റ് അദ്ധ്യാപകരെ നിയമിച്ച് അദ്ധ്യയനം നടത്തുന്നതിന് പ്രിൻസിപ്പൽമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

(സി) ഉണ്ട്.

(ഡി) അദ്ധ്യാപക നിയമനത്തിനുള്ള പ്രായപരിധി 35 വയസ്സിൽ നിന്ന് 40 വയസ്സിലേക്ക് ഉയർത്തുന്നതിന് കൊളീജിയേറ്റ് എഡ്യൂക്കേഷൻ സ്പെഷ്യൽ റൂൾസിൽ ആവശ്യമായ ഭേദഗതി വരുത്തുന്നകാര്യം പരിശോധിച്ചുവരുന്നു.

(ഇ) മൃദംഗം ലക്ചറർ തസ്തികയിലേക്കുള്ള റാങ്ക്‌ലിസ്റ്റ് മാത്രം ഇപ്പോൾ നിലവിലുണ്ട്.

(എഫ്) അദ്ധ്യാപക നിയമനത്തിന് ഒഴിവുകൾ ഉണ്ടാവുന്ന മുറയ്ക്ക് പ്രസ്തുത ഒഴിവുകൾ പി.എസ്.സി.-യെ അറിയിക്കുകയും അതനുസരിച്ച് പി.എസ്.സി. റാങ്ക്‌ലിസ്റ്റ് തയ്യാറാക്കുന്നതിനുള്ള നടപടി സ്വീകരിക്കുകയും ചെയ്തുവരുന്നു.

ജില്ലാ റോഡുകൾ വികസിപ്പിക്കുന്നതിന് കേന്ദ്രസഹായം നൽകുന്ന പദ്ധതി

8 (* 637) ശ്രീ. പി. ടി. തോമസ് :
ശ്രീ. കെ. ബാബു :
ശ്രീ. കെ. മോഹൻകുമാർ :
ശ്രീ. എൻ. ശക്തൻ :
ശ്രീ. അടൂർപ്രകാശ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്തു വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പ്രധാനപ്പെട്ട ജില്ലാ റോഡുകൾ വികസിപ്പിക്കുന്നതിന് കേന്ദ്ര സഹായം ലഭിക്കുന്ന പദ്ധതി നിലവിലുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly